**ഭരണഭാഷ മാതൃഭാഷ**

DCETVM/989/2024-C2

കോളേജ് വിദ്യാഭ്യാസ വകുപ്പ്
ആസ്ഥാന കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം
05-10-2024

## പരിപത്രം

സർ,

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം -2024 വർഷത്തെ അനധ്യാപക ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നത്.- സംബന്ധിച്ച്.

സൂചന : 1.സ.ഉ (അച്ചടി ): 3/ 2017/ P& ARD തീയതി. 25.02.2017

*************

സർക്കാർ പുറപ്പെടുവിച്ച മേൽ സൂചനയിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ജോലിചെയ്യുന്ന ചുവടെ പറയുന്ന അനധ്യാപക ജീവനക്കാരിൽ നിന്നും 2024 വർഷത്തേക്കുള്ള പൊതു സ്ഥലംമാറ്റത്തിന് ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു.

1.ജൂനിയർ സുപ്രണ്ട്
2.ഹെഡ് അക്കൗണ്ടന്റ്
3.സീനിയർ ക്ലാർക്ക് / ക്ലാർക്ക്
4.ടൈപ്പിസ്റ്റ്

സ്ഥലം മാറ്റം ആവശ്യമുള്ള ജീവനക്കാർക്ക് വകുപ്പിന്റെ ഒദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രത്യേക ലിങ്കിലൂടെ 07.10.2024 മുതൽ 22.10.2024 വൈകുന്നേരം 3 മണി വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. വൈകുന്നേരം 5 മണിക്കകം ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ടി അപേക്ഷകൾ പരിശോധിച്ച് ഓൺലൈൻ മുഖേന സമർപ്പിക്കേണ്ടതാണ്.

സ്ഥലം മാറ്റത്തിനു ഏതെങ്കിലും തരത്തിൽ മുൻഗണന ലഭിക്കാൻ അർഹതയുള്ള ജീവനക്കാർ ടി വിവരം അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തുകയും ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യുകയും വേണം. ടി രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയില്ലെങ്കിൽ മുൻഗണന നൽകുന്നതിന് പരിഗണിക്കുന്നതല്ല.

ഹോം സ്റ്റേഷൻ തിരഞ്ഞെടുക്കുന്നതിനും , നേരത്തെ തിരഞ്ഞെടുത്ത ഹോം സ്റ്റേഷൻ

മാറ്റുന്നതിനും ആഗ്രഹിക്കുന്ന ജീവനക്കാർ ഹോം സ്റ്റേഷൻ മാറ്റുന്നതിനുള്ള അപേക്ഷകൾ സ്ഥലം മാറ്റത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഹോം സ്റ്റേഷൻ തിരഞ്ഞെടുക്കുന്നത് / മാറ്റുന്നത് എന്നിവ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

അപേക്ഷയിൽ മുഴുവൻ വിവരങ്ങളും കൃത്യമായി പൂരിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്ത അപേക്ഷ പൊതു സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതല്ല .

Signed by
Satheesh S
Date: 05-10-2024 21:21:17

Satheesh S
SENIOR ADMINISTRATIVE OFFICER

എല്ലാ അനധ്യാപക ജീവനക്കാർക്കും